# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1439

22-3-2013-ൽ മറുപടിക്ക്

## കോഴിക്കോട് നഗരസഭ പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഏതൊക്കെ സ്ഥലങ്ങൾ പാട്ടത്തിനു നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) കോഴിക്കോട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന സ്ഥലങ്ങൾ പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>1) വാർഡ് 1-ൽ ടി.എസ്.122 878/1-ൽ 6 സെന്റ് സ്ഥലം<br>2) വാർഡ് 1-ൽ നടക്കാവ് ടി.എസ് 1527-ൽ 23.3 മീറ്റർX 2.7 മീറ്റർ സ്ഥലം<br>3) വാർഡ് 2-ൽ ബ്ലോക്ക് 4-ൽ ടി.എസ്.109/3-ൽപ്പെട്ട 3.40 സെന്റ് സ്ഥലം<br>4) വാർഡ് 32-ൽ റി.സ. 134/3, 136 എ1, 136 എ2 വിൽപ്പെട്ട 1.05 സെന്റ് സ്ഥലം<br>5) കോഴിക്കോട് താലൂക്കിൽ നഗരം വില്ലേജിൽ ടി.എസ്.7-08-143 ൽപ്പെട്ട 0.07 സെന്റ് ഭൂമി ബങ്ക് സ്ഥാപിക്കുന്നതിനായി ശ്രീ.പി.കെ.ആർ.പിള്ള, രാജൻ കോട്ടേജ്, ടൗൺ ഹാൾ റോഡ്, കോഴിക്കോട് എന്നവർക്ക് പാട്ടത്തിന് നൽകിയിരുന്നു. പ്രസ്തുത ഭൂമി റവന്യൂ ഭൂമിയാണോ കോർപ്പറേഷൻ ഭൂമിയാണോ എന്നത് സംബന്ധിച്ച കേസ് കേരള ഹൈക്കോടതിയുടെ പരിഗണനയിൽ വരികയും കോർപ്പറേഷൻ ഭൂമിയാണ് എന്ന് ഹൈക്കോടതി വിധി പ്രസ്താവിക്കുകയും ചെയ്തിട്ടുള്ളതായി അറിയുന്നു. |
| (ബി) ആർക്കെല്ലാമാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും പാട്ടക്കാലാവധി എത്രയെന്നും വിശദമാക്കുമോ; | (ബി) 1) ടി.എസ്.122, 878/1-ൽ 6 സെന്റ് സ്ഥലം കാലിക്കറ്റ് നോർത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കരുവിശ്ശേരിക്ക് 12-12-1988 മുതൽ 11-12-2087 വരെ പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>2) ടി.എസ് 1527-ൽ 23.3 മീറ്റർX 2.7 മീറ്റർ |

| | | |
|---|---|---|
| | | സ്ഥലം പുതിയ പുരയിൽ സുമിതയ്ക്ക് 2-12-09 മുതൽ 1-12-12 വരെ പാട്ടത്തിനു നൽകിയിട്ടുണ്ട്.<br>3) ടി.എസ്.109/3-ൽപ്പെട്ട 3.40 സെന്റ് സ്ഥലം മച്ചാട്ട് വാസന്തിക്ക് 19-9-12 മുതൽ 18-9-2111 വരെ പാട്ടത്തിനു നൽകിയിട്ടുണ്ട്.<br>4) റി.സ. 134/3,, 136 എ1, 136 എ2 വിൽപ്പെട്ട 1.05 സെന്റ് സ്ഥലം ഡോ.പി.രാജേന്ദ്രന് 1-10-06 മുതൽ 15-10-09 വരെയും 16-10-09 മുതൽ 15-10-12 വരെയും പാട്ടത്തിനു നൽകിയിട്ടുണ്ട്. |
| (സി) | പാട്ടക്കാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചുവരുന്ന ഏതൊക്കെ സ്ഥലങ്ങളുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കുമോ; | (സി) 1) വാർഡ് 1-ൽ നടക്കാവ് ടി.എസ് 1527-ലെ 23.3 മീറ്റർ X 2.7 മീറ്റർ സ്ഥലത്തിന്റെ പാട്ടക്കാലാവധി 2-12-12 മുതൽ പുതുക്കുന്നതിന് പുതിയ പുരയിൽ സുമിത അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>2) വാർഡ് 32-ൽ റി.സ. 134/3, 136 എ1, 136 എ2 -വിൽപ്പെട്ട 1.05 സെന്റ് സ്ഥലത്തിന്റെ പാട്ടക്കാലാവധി 16-10-2012 മുതൽ പുതുക്കുന്നതിന് ഡോ. രാജേന്ദ്രൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പാട്ടത്തുകയായി ഓരോ വർഷവും എന്തു തുക നഗരസഭയ്ക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) 8401/- രൂപ |

(signature)

**സെക്ഷൻ ഓഫീസർ.**